**മധുരമായ കുട്ടികളെ – നിങ്ങൾ വീണ്ടും നിങ്ങളുടെ താവളത്ത് എത്തി ചേർന്നിരിക്കുകയാണ്, നിങ്ങൾ ബാബയിലൂടെ രചയിതാവിനെയും രചനയെയും അറിഞ്ഞു അതിനാൽ സന്തോഷത്താൽ രോമാഞ്ചം ഉണ്ടാകണം.**

**ചോദ്യം –** ബാബ ഈ സമയം നിങ്ങളുടെ അലങ്കാരം ചെയ്തുകൊണ്ടിരിക്കുന്നതെന്തുകൊണ്ടാണ്?
**ഉത്തരം –** എന്തുകൊണ്ടെന്നാൽ ഇപ്പോൾ നമ്മൾ അലങ്കരിച്ചവരായി വിഷ്ണുപുരിയിലേയ്ക്ക്(ശ്വശുര ഗൃഹം) പോകണം. നമ്മൾ ഈ ജ്ഞാനത്താൽ അലങ്കരിക്കപ്പെട്ട് വിശ്വത്തിന്റെ മഹാരാജാ–മഹാറാണിയായി മാറുന്നു. ഇപ്പോൾ സംഗമയുഗത്തിലാണ്, ബാബ ടീച്ചറായി പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് – പിതൃഗൃഹത്തിൽ നിന്ന് ശ്വശുരഗൃഹത്തിലേയ്ക്ക് പോകുന്നതിന് വേണ്ടി.

**ഗീതം –** അങ്ങനെ ആ ദിനം ഇന്ന് വന്നണഞ്ഞു..............

**ഓം ശാന്തി**. മധുര–മധുരമായ സ്വീറ്റ് ചിൽഡ്രൻ, മധുര–മധുരമായ കളഞ്ഞു പോയി തിരികെ കിട്ടിയ കുട്ടികൾ ഗീതം കേട്ടല്ലോ. പകുതി കല്പമായി നമ്മൾ ഏത് പ്രിയതമനെയാണോ ഓർമ്മിച്ചിരുന്നത്, അവസാനം ആ പ്രിയതമനെ ലഭിച്ചിരിക്കുകയാണെന്ന് നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ. നമ്മൾ പകുതി കല്പമായി ഭക്തി ചെയ്യുന്നു, പ്രിയതമനായ ബാബയെ വിളിക്കുകയാണെന്ന് ലോകത്തിലുള്ളവർക്ക് അറിയുകയില്ല. നമ്മൾ പ്രിയതമകളാണ്, ബാബ പ്രിയതമനാണ് – ഇതും ആർക്കും അറിയുകയില്ല. ബാബ പറയുകയാണ് രാവണൻ നിങ്ങളെ തികച്ചും തുച്ഛ ബുദ്ധികളാക്കി മാറ്റിയിരിക്കുന്നു. പ്രത്യേകിച്ച് ഭാരതവാസികളെ. നിങ്ങൾ ദേവീ ദേവതകളായിരുന്നു ഇതും മറന്നു പോയിരിക്കുകയാണ്, അതിനാൽ തുച്ഛ ബുദ്ധി ആയില്ലേ. തന്റെ ധർമ്മത്തെ മറന്നു പോവുക, ഇതാണ് തുച്ഛ ബുദ്ധികളുടെ ജോലി. ഇതിപ്പോൾ കേവലം നിങ്ങൾക്ക് മാത്രമേ അറിയൂ. നമ്മൾ ഭാരതവാസികൾ സ്വർഗ്ഗവാസികളായിരുന്നു. ഈ ഭാരതം സ്വർഗ്ഗമായിരുന്നു. കുറച്ച് സമയത്തേക്ക് മാത്രം. 1250 വർഷം സത്യയുഗമായിരുന്നു 1250 വർഷം രാമരാജ്യം. ആ സമയം വളരെയധികം സുഖമായിരുന്നു. സുഖത്തെ ഓർമ്മിച്ച് രോമാഞ്ചം ഉണ്ടാകണം. സത്യയുഗം, ത്രേതാ........ഇത് കഴിഞ്ഞു പോയി. സത്യയുഗത്തിന്റെ ആയുസ്സെത്രയാണ്, ഇതുപോലും ആർക്കും അറിയുകയില്ല. ലക്ഷക്കണക്കിന് വർഷം എങ്ങനെയുണ്ടാകുന്നു. ഇപ്പോൾ ബാബ വന്ന് മനസ്സിലാക്കി തരുകയാണ് – നിങ്ങളെ മായ എത്ര തുച്ഛ ബുദ്ധിയാക്കിയിരിക്കുന്നു. ലോകത്തിലാരും തങ്ങളെ തുച്ഛബുദ്ധിയെന്ന് മനസ്സിലാക്കുന്നില്ല. നമ്മളിന്നലെ തുച്ഛബുദ്ധികളായിരുന്നുവെന്ന് നിങ്ങൾക്കറിയാം. ഇപ്പോൾ ബാബ ഇത്രയും ബുദ്ധി നൽകിയിരിക്കുന്നു രചയിതാവിന്റെയും രചനയുടെയും ആദി–മധ്യ–അന്ത്യത്തെ നമ്മൾ അറിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇന്നലെ അറിഞ്ഞിരുന്നില്ല, ഇന്ന് അറിയുന്നു. എത്രയും അറിയുന്നുവോ, അത്രയും സന്തോഷത്താൽ രോമാഞ്ചമുണ്ടാകും. പിന്നീട് നമ്മൾ നമ്മുടെ വാസസ്ഥലത്ത് എത്തിചേരുന്നു. ബാബ നമുക്ക് സ്വർഗ്ഗത്തിന്റെ രാജ്യഭാഗ്യം നൽകിയിരുന്നു പിന്നീട് നമ്മളത് നഷ്ടപ്പെടുത്തി. ഇപ്പോൾ നമ്മൾ പതിതരായി മാറിയിരിക്കുന്നു. സത്യയുഗത്തെ പതിതമെന്ന് പറയില്ല. അത് പാവനലോകമാണ്. പതിത പാവനാ വരൂ എന്ന് മനുഷ്യർ പറയുന്നു. രാവണ രാജ്യത്തിൽ ഉയർന്ന പാവനരായി ആരും തന്നെ ഉണ്ടാവുകയേയില്ല. ഉയർന്നതിലും ഉയർന്ന ബാബയുടെ കുട്ടികളായി മാറിയെങ്കിൽ ഉയർന്നതായും മാറും. നിങ്ങൾ കുട്ടികൾ ബാബയെ അറിയുന്നു, അതും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. അതിരാവിലെ എഴുന്നേറ്റ് തന്റെ ഹൃദയത്തോട് ചോദിക്കൂ, അമൃതവേളയുടെ സമയം വളരെ നല്ലതാണ്. അതിരാവിലെ അമൃത വേളയിലെഴുന്നേറ്റ് ഈ ചിന്തനം ചെയ്യൂ. ബാബ നമ്മുടെ അച്ഛനുമാണ്, ടീച്ചറുമാണ്. അല്ലയോ ഗോഡ് ഫാദർ, അല്ലയോ പരമ പിതാവേ എന്നല്ലാം പറയുകയും ചെയ്യുന്നു. ഹേ ഭഗവാനേ എന്ന് ആരെയാണ് ഓർമ്മിക്കുന്നതെന്ന് ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം, ഇപ്പോൾ നമുക്ക് ആ ഭഗവാനെ ലഭിച്ചിരിക്കുന്നു. നമ്മൾ വീണ്ടും പരിധിയില്ലാത്ത സമ്പത്ത് എടുത്തുകൊണ്ടിരിക്കുന്നു. അത് ലൗകിക അച്ഛനാണ്, ഇത് പരിധിയില്ലാത്ത അച്ഛനാണ്. നിങ്ങളുടെ ലൗകിക അച്ഛനും ആ പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കുന്നു. അപ്പോൾ അച്ഛന്മാരുടെയും അച്ഛൻ, പതികളുടെയും പതി, ബാബയാണ്. ഇതും ഭാരതവാസികൾ തന്നെയാണ് പറയുന്നത് എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഞാൻ അച്ഛന്മാരുടെയും അച്ഛൻ, പതിമാരുടെയും പതിയാകുന്നു. ഇപ്പോൾ ഞാൻ നിങ്ങളുടെ അച്ഛനുമാണ്. നിങ്ങൾ മക്കളായിരിക്കുന്നു. ബാബാ, ബാബായെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. ഇപ്പോൾ വീണ്ടും നിങ്ങളെ വിഷ്ണുപുരി ശ്വശുരഗൃഹത്തിലേയ്ക്ക് കൂട്ടികൊണ്ടു പോകുന്നു. ഇത് നിങ്ങളുടെ പിതൃഗൃഹമാണ്, പിന്നീട് ശ്വശുരഗൃഹത്തിലേയ്ക്ക് പോകും. നമ്മളെ വളരെ നന്നായി അലങ്കരിച്ച് പോകുമെന്ന് കുട്ടികൾക്കറിയാം. ഇപ്പോൾ നിങ്ങൾ പിതൃഗൃഹത്തിലാണല്ലോ. നിങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾ ഈ ജ്ഞാനം കൊണ്ട് അലങ്കരിച്ച് വിശ്വത്തിന്റെ മഹാരാജാവും

മഹാറാണിയുമാകുന്നു. നിങ്ങളിവിടെ വന്നിരിക്കുന്നത് തന്നെ വിശത്തിന്റെ അധികാരിയാവുന്നതിനാണ്. സത്യയുഗമായിരുന്നപ്പോൾ നിങ്ങൾ ഭാരതവാസികൾ തന്നെയാണ് വിശ്വത്തിന്റെ അധികാരികളായിരുന്നത്. നമ്മൾ വിശ്വത്തിന്റെ അധികാരികളാണെന്ന് നിങ്ങൾക്കിപ്പോൾ പറയാൻ കഴിയില്ല. ഇപ്പോൾ നിങ്ങൾക്കറിയാം ഭാരതത്തിന്റെ അധികാരി കലിയുഗിയാണ്, നമ്മളാണെങ്കിൽ സംഗമയുഗിയാണ്. പിന്നീട് നമ്മൾ സത്യയുഗത്തിൽ മുഴുവൻ വിശ്വത്തിന്റെയും അധികാരിയായി മാറും. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ വരണം. വിശ്വത്തിന്റെ ചക്രവർത്തി പദവി നൽകുന്നയാൾ വന്നിരിക്കുകയാണെന്നറിയാം. ഇപ്പോൾ സംഗമയുഗത്തിൽ അദ്ദേഹം വന്നിരിക്കയാണ്. ജ്ഞാനദാതാവ് ഒരേയൊരു ബാബയാണ്. ബാബയെ അല്ലാതെ വേറെ ഒരു മനുഷ്യനെയും ജ്ഞാനദാതാവെന്ന് പറയാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ ബാബയുടെയടുത്ത് ഇങ്ങനെയുള്ള ജ്ഞാനമുണ്ട് അതിലൂടെ മുഴുവൻ വിശ്വത്തിന്റെയും സത്ഗതിയുണ്ടാകുന്നു. തത്വസഹിതം എല്ലാവരുടെയും സത്ഗതിയുണ്ടാകുന്നു. മനുഷ്യരുടെയടുത്ത് സത്ഗതിയുടെ ജ്ഞാനമില്ല.

ഈ സമയം മുഴുവൻ ലോകവും തത്വ സഹിതം തമോപ്രധാനമാണ്. ഇതിൽ ജീവിക്കുന്നവരും തമോപ്രധാനമാണ്. പുതിയ ലോകമാണ് സത്യയുഗം. അതിൽ ജീവിക്കുന്നവരും ദേവതകളായിരുന്നു പിന്നീട് രാവണൻ വിജയം പ്രാപ്തമാക്കി. ഇപ്പോൾ ബാബ വീണ്ടും വന്നിരിക്കുകയാണ്. ഞങ്ങൾ ബാപ്ദാദയുടെ കൂടെ പോകുന്നുവെന്ന് നിങ്ങൾ കുട്ടികൾ പറയുന്നു. ബാബ നമുക്ക് ദാദയിലൂടെ സ്വർഗ്ഗത്തിന്റെ ചക്രവർത്തിയുടെ സമ്പത്ത് നൽകുന്നു. ബാബ സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി നൽകും, വേറെന്ത് നൽകും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലിത് വരണമല്ലോ. പക്ഷെ മായ മറപ്പിക്കുന്നു. സ്ഥായിയായ സന്തോഷം നിലനിൽക്കാൻ അനുവദിക്കുന്നില്ല. ആരാണോ നല്ല രീതിയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് അവരേ ഉയർന്ന പദവി നേടൂ. സെക്കന്റിൽ ജീവൻ മുക്തിയെന്ന് പാടാറുമുണ്ട്. തിരിച്ചറിയുന്നത് ഒരേയൊരു തവണയാണല്ലോ. എല്ലാ ആത്മാക്കളുടെയും അച്ഛൻ ഒന്നാണ്, ആ സർവ്വ ആത്മാക്കളുടെയും അച്ഛൻ വന്നുകഴിഞ്ഞിരിക്കുന്നു. പക്ഷെ എല്ലാവർക്കുമൊന്നും കാണാൻ സാധിക്കില്ല. അസംഭവ്യമാണ്. ബാബ പഠിപ്പിക്കാനാണ് വരുന്നത്. നിങ്ങളും എല്ലാവരും ടീച്ചർമാരാണ്. ഗീതാ പാഠശാലയെന്ന് പറയാറുണ്ടല്ലോ. ഈ വാക്കും സാധാരണമാണ്. കൃഷ്ണൻ ഗീത കേൾപ്പിച്ചുവെന്ന് പറയുന്നു. ഇപ്പോളിത് കൃഷ്ണന്റെ പാഠശാലയൊന്നുമല്ല. കൃഷ്ണന്റെ ആത്മാവ് പഠിച്ചുകൊണ്ടിരിക്കുകയാണ്. സത്യയുഗത്തിലാരെങ്കിലും ഗീതാപാഠശാലയിൽ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുമോ? കൃഷ്ണൻ സത്യയുഗത്തിലുണ്ടായിരിക്കും പിന്നീട് 84 ജന്മങ്ങളെടുക്കുന്നു. ഒരു ശരീരം പോലും അടുത്ത ജന്മത്തെ ശരീരം പോലെയായിരിക്കില്ല. ഡ്രാമാപ്ലാനനുസരിച്ച് ഓരോ ആത്മാവിലും തന്റെ 84 ജന്മങ്ങളുടെ പാർട്ടടങ്ങിയിരിക്കുന്നു. ഒരു സെക്കന്റ് പോലും അടുത്ത സെക്കന്റിനെപ്പോലെയായിരിക്കില്ല. 5000 വർഷം നിങ്ങൾ പാർട്ടഭിനിയിക്കുനന്നു. ഒരു സെക്കന്റിന്റെ പാർട്ട് അടുത്ത സെക്കന്റിനെപ്പോലെയാവുക സാധ്യമല്ല. വളരെയധികം മനസ്സിലാക്കേണ്ട കാര്യമാണ്. ഡ്രാമയാണല്ലോ. പാർട്ട് ആവർത്തിക്കപ്പെടുന്നു. ബാക്കി എല്ലാ ശാസ്ത്രങ്ങളും ഭക്തി മാർഗ്ഗത്തിലേതാണ്. പകുതി കല്പം ഭക്തി നടക്കുന്നു പിന്നീട് ഞാൻ വന്ന് എല്ലാവർക്കും സത്ഗതി നൽകുന്നു. 5000 വർഷങ്ങൾക്കു മുമ്പ് രാജ്യം ഭരിച്ചിരുന്നുവെന്ന് നിങ്ങൾക്കറിയാം. സത്ഗതിയിലായിരുന്നു. ദുഖത്തിന്റെ പേരുപോലും ഉണ്ടായിരുന്നില്ല. ഇപ്പോഴാണെങ്കിൽ ദുഖം തന്നെ ദുഖമാണ്. ഇതിനെ ദുഖധാമമെന്ന് പറയപ്പെടുന്നു. ശാന്തി ധാമം, സുഖ ധാമം പിന്നെ ദുഖ ധാമം. വന്ന് ഭാരതവാസികൾക്ക് തന്നെയാണ് സുഖധാമത്തിന്റെ വഴി പറഞ്ഞു തരുന്നത്. പിന്നെ കല്പ കല്പം നമുക്ക് വരേണ്ടി വരുന്നു. അനേക പ്രാവശ്യം വരുന്നു, വന്നുകൊണ്ടിരിക്കും. ഇതിന് അവസാനമുണ്ടാവുക സാധ്യമല്ല. നിങ്ങൾ ചക്രം കറങ്ങി ദുഖധാമത്തിൽ വരുന്നു പിന്നീട് എനിക്ക് വരേണ്ടി വരുന്നു. 84 ജന്മങ്ങളുടെ ചക്രം നിങ്ങൾക്കിപ്പോൾ ഓർമ്മ വന്നു. ഇപ്പോൾ ബാബയെ രചയിതാവെന്ന് പറയപ്പെടുന്നു. ഏതെങ്കിലും ഡ്രാമയുടെ രചയിതാവെന്നല്ല. രചയിതാവ് അർത്ഥം ഈ സമയം വന്ന് സത്യയുഗം രചിക്കുന്നു. സത്യയുഗത്തിൽ ആർക്ക് രാജ്യമായിരുന്നോ പിന്നീട് നഷ്ടപ്പെടുത്തി, അവരെ തന്നെയാണിരുന്ന് പഠിപ്പിക്കുന്നത്. കുട്ടികളെ ദത്തെടുക്കുന്നു. നിങ്ങൾ എന്റെ കുട്ടികളാണല്ലോ. നിങ്ങളെ ഒരു സാധു സന്യാസിമാരൊന്നുമല്ല പഠിപ്പിക്കുന്നത്. പഠിപ്പിക്കുന്നത് ഒരേയൊരു ബാബയാണ്, ആരെയാണോ എല്ലാവരും ഓർമ്മിക്കുന്നത്. ആരെയാണോ ഓർമ്മിക്കുന്നത് തീർച്ചയായും എപ്പോഴെങ്കിലും അവർ വരുമല്ലോ. എന്തുകൊണ്ടാണ് ഓർമ്മിക്കുന്നതെന്ന് പോലും ചിലർക്ക് അറിയുകയില്ല അതിനാൽ തീർച്ചയായും പതിത പാവനനായ ബാബ വരുന്നു. വീണ്ടും വരൂ എന്ന് ക്രിസ്തുവിനോട് പറയുന്നില്ല. അവരാണെങ്കിൽ മനസ്സിലാക്കുന്നത്, ലീനമായി കഴിഞ്ഞു എന്നാണ്. പിന്നീട് വരുന്നതിന്റെ കാര്യം തന്നെയില്ല. എങ്കിലും പതിത പാവനനെ ഓർമ്മിക്കുന്നു, ഞങ്ങൾ ആത്മാക്കൾക്ക് വീണ്ടും സമ്പത്ത് നൽകൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഓർമ്മ വന്നു – ബാബ വന്നു കഴിഞ്ഞു. പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യും. അവർ വീണ്ടും തങ്ങളുടെ സമയത്തിൽ രജോ, തമോയിലേയ്ക്ക് വരും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി നമ്മൾ മാസ്റ്റർ നോളേജ് ഫുൾ ആയി മാറുന്നു.

ഒരേയൊരു ബാബ മാത്രമാണ് നിങ്ങൾ കുട്ടികളെ പഠിപ്പിച്ച് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നത്. സ്വയം ആകുന്നില്ല അതുകൊണ്ട് ബാബയെ നിഷ്കാമ സേവാധാരിയെന്ന് പറയുന്നു. ഞങ്ങൾ ഫലം ആഗ്രഹിക്കുന്നില്ല, നിഷ്കാമ സേവനം ചെയ്യുന്നുവെന്ന് മനുഷ്യർ പറയുന്നു. പക്ഷെ അങ്ങനെയല്ല. എങ്ങനെയാണോ സംസ്ക്കാരമെടുത്ത് പോകുന്നത്, അതിനനുസരിച്ച് ജന്മം ലഭിക്കുന്നു. കർമ്മത്തിന്റെ ഫലം തീർച്ചയായും ലഭിക്കുന്നു. സന്യാസിമാരും ഗൃഹസ്ഥികളുടെയടുത്ത് പുനർജന്മമെടുത്ത് പിന്നീട് സംസ്ക്കാരത്തിനനുസരിച്ച് സന്യാസ ധർമ്മത്തിലേയ്ക്ക് പോകുന്നു. ബാബ യുദ്ധം ചെയ്യുന്നവരുടെയും ഉദാഹരണം നൽകുന്നു. പറയുന്നു ഗീതയിലെഴുതിയിട്ടുണ്ട് ആരാണോ യുദ്ധമൈതാനത്തിൽ മരിക്കുന്നത് അവർ സ്വർഗ്ഗത്തിൽ പോകും, പക്ഷെ സ്വർഗ്ഗത്തിന്റെയും സമയമാകണമല്ലോ. സ്വർഗ്ഗത്തെ ലക്ഷക്കണക്കിന് വർഷമെന്ന് പറയുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം ബാബയെന്താണ് മനസ്സിലാക്കി തരുന്നത്, ഗീതയിലെന്താണെഴുതിയിരിക്കുന്നത്. പറയുന്നു, ഭഗവാനുവാച ഞാൻ സർവ്വ വ്യാപിയാണ്. ബാബ പറയുകയാണ് ഞാൻ എന്നെത്തന്നെ എങ്ങനെ ഗ്ലാനി ചെയ്യും ഞാൻ സർവ്വ വ്യാപിയാണെന്ന്, പട്ടിയിലും പൂച്ചയിലും എല്ലാമുണ്ടെന്ന്. എന്നെ ജ്ഞാനസാഗരൻ എന്നാണല്ലോ പറയുന്നത്. ഞാൻ പിന്നെ എങ്ങനെ എന്നെ ഇങ്ങനെ പറയും? എത്ര അസത്യമാണ്. ജ്ഞാനമാണെങ്കിൽ ആരിലുമില്ല. സന്യാസിമാരെയൊക്കെ വളരെ മാനിക്കുന്നു, കാരണം പവിത്രമാണ്. സത്യയുഗത്തിൽ ഗുരുവൊന്നും ഉണ്ടായിരിക്കില്ല. ഇവിടെയാണെങ്കിൽ സ്ത്രീയോട് പറയുന്നു നിങ്ങളുടെ പതി ഗുരുവും ഈശ്വരനുമാണ്, വേറെയാരെയും ഗുരുവാക്കരുത്. സതോപ്രധാന ഭക്തിയായിരുന്നപ്പോളായിരുന്നു അവരെല്ലാം മനസ്സിലാക്കി പോന്നിരുന്നത്. സത്യയയുഗത്തിൽ ഗുരുവുണ്ടായിരുന്നില്ല. ഭക്തിയുടെ തുടക്കത്തിലും ഗുരുവുണ്ടായിരുന്നില്ല. പതി തന്നെയാണ് എല്ലാം. ഗുരുവുണ്ടായിരുന്നില്ല. ഈ എല്ലാ കാര്യങ്ങളും നിങ്ങളിപ്പോൾ മനസ്സിലാക്കിയിട്ടുണ്ട്.

ചിലരാണെങ്കിൽ ബ്രഹ്മാകുമാർ-കുമാരിമാരുടെ പേര് കേൾക്കുമ്പോൾ തന്നെ പേടിക്കുന്നു എന്തുകൊണ്ടെന്നാൽ ഇവർ സഹോദരി-സഹോദരരാക്കി മാറ്റുന്നുവെന്ന് മനസ്സിലാക്കുന്നു. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടിയാവുന്നത് നല്ലതല്ലേ. ബി.കെ. തന്നെയാണ് സ്വർഗ്ഗത്തിന്റെ സമ്പത്തെടുക്കുന്നത്. ഇപ്പോൾ നിങ്ങൾ എടുത്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ബി.കെ. ആയിരിക്കുന്നു. ഞങ്ങൾ സഹോദരി-സഹോദരനാണെന്ന് രണ്ടുപേരും പറയുന്നു. ശരീരത്തിന്റെ ബോധം, വികാരത്തിന്റെ ദുർഗ്ഗന്ധം പുറത്ത് പോകുന്നു. നമ്മൾ ഒരു അച്ഛന്റെ മക്കൾ സഹോദരി-സഹോദരർ വികാരത്തിലേയ്ക്കെങ്ങനെ പോകൻ സാധിക്കും. ഇത് മഹാപാപമാണ്. ഈ പവിത്രമായിരിക്കുന്നതിനുള്ള യുക്തി ഡ്രാമയിലുണ്ട്. സന്യാസിമാരുടെത് നിവൃത്തി മാർഗ്ഗമാണ്. നിങ്ങൾ പ്രവൃത്തി മാർഗ്ഗത്തിലുള്ളവരാണ്. ഇപ്പോൾ നിങ്ങൾക്ക് ഈ മോശമായ ലോകത്തിന്റെ സമ്പ്രദായങ്ങളെല്ലാം ഉപേക്ഷിച്ച് ഈ പഴയ ലോകം തന്നെ മറക്കണം. നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു പിന്നീട് രാവണൻ എത്ര മോശമാക്കി മാറ്റിയിരിക്കുന്നു. ഇതും ബാബയാണ് മനസ്സിലാക്കി തരുന്നത്, ചിലർ പറയും ഞങ്ങളെങ്ങനെ അംഗീകരിക്കും ഞങ്ങൾ 84 ജന്മങ്ങളെടുക്കുന്നുവെന്ന്. 84 ജന്മങ്ങളെടുക്കുന്നു, ഇത് നമ്മൾ ശരിക്കും പറയുന്നതാണ്. 84 ജന്മങ്ങളെടുക്കുന്നില്ലായെങ്കിൽ ഇവിടെ തുടരുക തന്നെയില്ല. മനസ്സിലാക്കാൻ സാധിക്കുന്നു ഇവർ ദേവീ ദേവതാ ധർമ്മത്തലുള്ളതല്ല, സ്വർഗ്ഗത്തിലേയ്ക്ക് വരാൻ സാധിക്കില്ല. പ്രജയിലും കുറഞ്ഞ പദവിയേ നേടൂ. പ്രജയിലും നല്ല പദവിയും, കുറഞ്ഞ പദവിയുമുണ്ടല്ലോ. ഈ കാര്യങ്ങളൊന്നും ഒരു ശാസ്ത്രങ്ങളിലുമില്ല. ഭഗവാൻ വന്ന് രാജധാനി സ്ഥാപന ചെയ്യുന്നു. ശ്രീകൃഷ്ണൻ വൈകുണ്ഡത്തിലെ അധികാരിയായിരുന്നു. സ്ഥാപന ചെയ്യുന്നത് ബാബയാണ്. ബാബ ഗീത കേൾപ്പിച്ചു ഈ പദവി നേടിയാൽ പിന്നെ പഠിക്കുകയും പഠിപ്പിക്കുന്നതിന്റെയും ആവശ്യമില്ല. നിങ്ങൾ പഠിച്ച് പദവി നേടുന്നു. പിന്നീട് ഗീതയുടെ ജ്ഞാനം പഠിക്കുകയില്ല. ജ്ഞാനത്തിലൂടെ സത്ഗതി ലഭിക്കും, എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി നേടും. എത്ര പുരുഷാർത്ഥം കല്പം മുമ്പ് ചെയ്തിട്ടുണ്ടോ അവർ ചെയ്തുകൊണ്ടിരിക്കുന്നു. സാക്ഷിയായി കാണണം. ടീച്ചറെയും നോക്കണം, ഇദ്ദേഹമാണ് നമ്മേ പഠിപ്പിച്ചത്, നമുക്ക് ഇദ്ദേഹത്തെക്കാൾ സമർത്ഥശാലിയാകണം. ചാൻസ് വളരെയുണ്ട്. ഉയർന്നതിലും ഉയർന്നതായി മാറുന്നതിനുള്ള പരിശ്രമം ചെയ്യണം. തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമായി മാറുന്നതാണ് മുഖ്യമായ കാര്യം. ഇത് മനസ്സിലാക്കേണ്ട കാര്യമല്ലേ. ഗൃഹസ്ഥ വ്യവാഹരത്തിലിരിക്കണം, ബാബയെ ഓർമ്മിക്കുകയാണെങ്കിൽ പാവനമായി മാറും. ഇവിടെയെല്ലാവരും പതിതമാണ്, ഇവിടെ ദുഖം തന്നെ ദുഖമാണ്. സുഖത്തിന്റെ രാജ്യമെപ്പോഴായിരുന്നു, ഇതാർക്കും അറിയുകയില്ല. ദുഖത്തിൽ പറയുന്നു അല്ലയോ ഭഗവാനെ, ഹേ റാം, ഈ ദുഖം എന്തിനാണ് നൽകിയത്? ഇപ്പോൾ ഭഗവാൻ ആർക്കും ദുഖമൊന്നും നൽകുന്നില്ല. രാവണൻ ദുഖം നൽകുന്നു. നമ്മുടെ രാജ്യത്തിൽ വേറെ ഒരു ധർമ്മവുമുണ്ടായിരിക്കില്ലെന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. പിന്നീട് മറ്റു ധർമ്മങ്ങൾ വരും. നിങ്ങൾ എവിടെ വേണമെങ്കിലും പോയ്ക്കോളൂ. പഠിപ്പ് കൂടെയുണ്ട്, മന്മനാഭവയുടെ ലക്ഷ്യം ലഭിച്ചിരിക്കുന്നു, ബാബയെ ഓർമ്മിക്കൂ എന്ന്. ബാബയിൽ നിന്നും നമ്മൾ സ്വർഗ്ഗത്തിന്റെ സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. ഇതു പോലും ഓർമ്മിക്കാൻ സാധിക്കുന്നില്ല.

ഈ ഓർമ്മ ഉറച്ചതായിരിക്കണം. അപ്പോൾ പിന്നെ അവസാന സമയത്തെ മനം പോലെ ഗതിയുണ്ടാകും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്  നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം

1. അതിരാവിലെ അമൃതവേളയിലെഴുന്നേറ്റ് ഓർമ്മിക്കണം- ബാബ നമ്മുടെ അച്ഛനുമാണ്, ടീച്ചറുമാണ്, ഇപ്പോൾ ബാബ നമ്മേ ജ്ഞാനരത്നങ്ങളാൽ അലങ്കരിക്കാൻ വന്നിരിക്കുകയാണ്. ബാബ അച്ഛന്മാരുടെയും അച്ഛൻ, പതിമാരുടെയും പതിയാണ്, ഇങ്ങനെ ചിന്തിച്ച് അപാര സന്തോഷത്തിന്റെ അനുഭവം ചെയ്യണം.

2. ഓരോരുത്തരുടെയും പുരുഷാർത്ഥത്തെ സാക്ഷിയായി കാണണം, ഉയർന്ന പദവിക്കുള്ള ചാൻസുണ്ട് അതുകൊണ്ട് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറണം.

## വരദാനം:- നിർവ്വികാരതയുടെ ശക്തിയിലൂടെ  സൂക്ഷ്മ വദനവും മൂന്നുലോകങ്ങളും അനുഭവം ചെയ്യുന്ന ശ്രേഷ്ഠ ഭാഗ്യവാൻ ആയി  ഭവിക്കട്ടെ

നിർവ്വികാരതയുടെ ശക്തി ഏത് കുട്ടികൾക്കാണോ ഉള്ളത്, ആരുടെയാണോ ബുദ്ധിയോഗം പൂർണ്ണമായും ശുദ്ധമായത്  അങ്ങനെയുള്ള ഭാഗ്യവാന്മാരായ കുട്ടികൾക്ക് സഹജമായി തന്നെ മൂന്ന് ലോകങ്ങളും ചുറ്റിസഞ്ചരിക്കാൻ  സാധിക്കും. സൂക്ഷ്മവദനത്തിലേക്ക് തന്റെ സങ്കല്പങ്ങളെ എത്തിക്കുവാനായി സർവ്വ സംബന്ധങ്ങളുടെയും സാരമായ അതിസൂക്ഷമമായ ഓർമ്മ വേണം.ഇതാണ് ഏറ്റവും ശക്തിശാലിയായ വയർ, മായയ്ക്ക് ഇതിൽ തടസമുണ്ടാക്കാൻ കഴിയില്ല.സൂക്ഷ്മ വദനത്തിന്റെ അലങ്കാരം അനുഭവം  ചെയ്യുവാനായി സ്വയത്തെ നിർവ്വികാരതയുടെ ശക്തിയാൽ സമ്പന്നമാക്കൂ.

## സ്ലോഗൻ: വ്യക്തി, വസ്തു ,വൈഭവം, ഇതിൽ ഏതിലെങ്കിലും ആകർഷിതമായാൽ  കൂട്ടുകാരനായ ബാബയ്ക്ക് സങ്കല്പത്തിൽ തലാക്ക് കൊടുക്കലാണ്.

**അവ്യക്ത സൂചന:- ആത്മീയ റോയൽറ്റിയും പവിത്രതയുടെ വ്യക്തിത്വവും ധാരണ ചെയ്യൂ.**
പവിത്രത സംഗമയുഗി ബ്രാഹ്മണരുടെ മഹാൻ ജീവിതത്തിന്റെ  മഹാനതയാണ്. പവിത്രത ബ്രാഹ്മണ ജീവിതത്തിന്റെ ശ്രേഷ്ഠ അലങ്കാരമാണ്. ഏതുപോലെയാണോ  സ്തൂല ശരീരത്തിൽ ശ്വാസം ചലിക്കേണ്ടത് ആവശ്യമാണ്. ശ്വാസമില്ലെങ്കിൽ ജീവിതം ഇല്ല. അതുപോലെ ബ്രാഹ്മണ ജീവിതത്തിന്റെ ശ്വാസമാണ് പവിത്രത. 21  ജന്മങ്ങളുടെ പ്രാപ്തിയുടെ ആധാരവും അടിസ്ഥാനവും പവിത്രതയാണ്.